എ.വൈ.ആര്‍

## സൂറ-11

# ഹൂദ്

فَلَمَّا جَآءَ أَمۡرُنَا نَجَّيۡنَا صَٰلِحٗا وَٱلَّذِينَ ءَامَنُواْ مَعَهُۥ بِرَحۡمَةٖ مِّنَّا وَمِنۡ
خِزۡيِ يَوۡمِئِذٍۚ إِنَّ رَبَّكَ هُوَ ٱلۡقَوِيُّ ٱلۡعَزِيزُ ٦٦

**66** നമ്മുടെ ശിക്ഷാവിധി ആസന്നമായപ്പോള്‍ സ്വാലിഹിനെയും കൂടെയുള്ള സത്യവിശ്വാസികളെയും നമ്മില്‍നിന്നുള്ള സവിശേഷമായ കാരുണ്യത്താല്‍ രക്ഷിച്ചു. ആ നാളിലെ ഹീനതയില്‍ നിന്ന് മുക്തരാക്കുകയും ചെയ്തു. തീര്‍ച്ചയായും നിന്റെ നാഥന്‍ സര്‍വശക്തനും അജയ്യനുമാകുന്നു.

وَأَخَذَ ٱلَّذِينَ ظَلَمُواْ ٱلصَّيۡحَةُ فَأَصۡبَحُواْ فِي دِيَٰرِهِمۡ جَٰثِمِينَ ٦٧

എന്നാല്‍ അതിക്രമങ്ങളനുവര്‍ത്തിച്ചവരെ ഒരു ഘോര ഗര്‍ജനം പിടികൂടി അവരൊക്കെയും സ്വവസതികളില്‍ മുഖംകുത്തി വീണൊടുങ്ങി;

كَأَن لَّمۡ يَغۡنَوۡاْ فِيهَآۗ أَلَآ إِنَّ ثَمُودَاْ كَفَرُواْ رَبَّهُمۡۗ أَلَا بُعۡدٗا لِّثَمُودَ ٦٨

അവരാരും ആ വസതികളില്‍ ജീവിച്ചിട്ടേയില്ലാത്തവണ്ണം. അറിയുവിന്‍ സമൂദ് വര്‍ഗം അവരുടെ വിധാതാവിനെ നിഷേധിച്ചു. അറിയുവിന്‍ സമൂദ് വര്‍ഗം തുലഞ്ഞെറിയപ്പെട്ടു.

وَلَقَدۡ جَآءَتۡ رُسُلُنَآ إِبۡرَٰهِيمَ بِٱلۡبُشۡرَىٰ قَالُواْ سَلَٰمٗاۖ قَالَ سَلَٰمٞۖ
فَمَا لَبِثَ أَن جَآءَ بِعِجۡلٍ حَنِيذٖ ٦٩

നമ്മുടെ ദൂതന്മാര്‍ സുവിശേഷവുമായി ഇബ്റാഹീമിനെ സന്ദര്‍ശിച്ചിരുന്നു. അവരദ്ദേഹത്തെ 'സലാം' എന്നഭിവാദ്യം ചെയ്തു. അദ്ദേഹം 'സലാം' എന്ന് പ്രത്യഭിവാദ്യം ചെയ്തു. വൈകാതെ ഇബ്റാഹീം ആഗതരെ സല്‍ക്കരിക്കാന്‍ ഒരു പശുക്കിടാവിനെ പാചകം ചെയ്തു കൊണ്ടുവന്നു.

فَلَمَّا رَءَآ أَيۡدِيَهُمۡ لَا تَصِلُ إِلَيۡهِ نَكِرَهُمۡ وَأَوۡجَسَ مِنۡهُمۡ
خِيفَةٗۚ قَالُواْ لَا تَخَفۡ إِنَّآ أُرۡسِلۡنَآ إِلَىٰ قَوۡمِ لُوطٖ ٧٠

അവരുടെ കരങ്ങൾ വിഭവത്തിലേക്ക് നീളുന്നില്ലെന്നു കണ്ടപ്പോൾ അദ്ദേഹം സംശയിച്ചു. പേടി തോന്നുകയും ചെയ്തു. അവരദ്ദേഹത്തെ സമാധാനിപ്പിച്ചു: പേടിക്കേണ്ട. ഞങ്ങൾ ലൂത്തിന്റെ ജന ത്തിലേക്ക് നിയോഗിക്കപ്പെട്ടവരാകുന്നു.

وَٱمْرَأَتُهُۥ قَآئِمَةٌ فَضَحِكَتْ فَبَشَّرْنَٰهَا بِإِسْحَٰقَ وَمِن وَرَآءِ إِسْحَٰقَ

يَعْقُوبَ ﴿٧١﴾

അടുത്തു നിൽപുണ്ടായിരുന്ന ഇബ്റാഹീമിന്റെ പത്നി ഇതുകേട്ടു ചിരിച്ചു. അപ്പോൾ നാം അവൾക്ക് ഇസ്ഹാഖിന്റെയും ഇസ്ഹാഖിന്റെ പിൻഗാമിയായി യഅ്ഖൂബിന്റെയും ജന്മസുവിശേഷമരുളി.

قَالَتْ يَٰوَيْلَتَىٰٓ ءَأَلِدُ وَأَنَا۠ عَجُوزٌ وَهَٰذَا بَعْلِى شَيْخًا ۖ

إِنَّ هَٰذَا لَشَىْءٌ عَجِيبٌ ﴿٧٢﴾

അവൾ അത്ഭുതം കൂറി; കഷ്ടം! പടുകിഴവിയായ എനിക്കിനി കുട്ടിയുണ്ടാവുകയോ?! എന്റെ പതിയാണെങ്കിലോ– പടുവൃദ്ധനുമായിരിക്കുന്നു. ഇതു മഹാ അതിശയം തന്നെ.

قَالُوٓا۟ أَتَعْجَبِينَ مِنْ أَمْرِ ٱللَّهِ ۖ رَحْمَتُ ٱللَّهِ وَبَرَكَٰتُهُۥ

عَلَيْكُمْ أَهْلَ ٱلْبَيْتِ ۚ إِنَّهُۥ حَمِيدٌ مَّجِيدٌ ﴿٧٣﴾

ആഗതർ ചോദിച്ചു: അല്ലാഹുവിന്റെ കാര്യത്തിൽ അത്ഭുതപ്പെടുന്നുവോ? ഇബ്റാഹീമിന്റെ വീട്ടുകാരേ, നിങ്ങളിൽ അല്ലാഹുവിന്റെ കരുണയും അനുഗ്രഹവുമുണ്ട്. അവൻ സ്തുതീയനും മഹോന്നതനുമല്ലോ.

നമ്മുടെ കൽപന വന്നപ്പോൾ (ശിക്ഷാവിധി ആസന്നമായപ്പോൾ) =فَلَمَّا جَآءَ أَمْرُنَا

നാം രക്ഷിച്ചു =نَجَّيْنَا

സ്വാലിഹിനെയും അദ്ദേഹത്തിന്റെ കൂടെ സത്യവിശ്വാസികളായവരെയും =صَٰلِحًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ

(കൂടെയുള്ള സത്യവിശ്വാസികളെയും)

നമ്മിൽ നിന്നുള്ള (സവിശേഷമായ) കാരുണ്യത്താൽ =بِرَحْمَةٍ مِّنَّا

ഹീനതയിൽനിന്നും (മോചിപ്പിക്കുകയും ചെയ്തു) =وَمِنْ خِزْىِ

നിശ്ചയം നിന്റെ നാഥൻ =إِنَّ رَبَّكَ ആ നാളിൽ =يَوْمِئِذٍ

അവൻ (സർവ)ശക്ത(നും)നാകുന്നു =هُوَ ٱلْقَوِىُّ

അജയ്യനായ (നും തന്നെയാകുന്നു) =ٱلْعَزِيزُ

എന്നാൽ അവൻ (അല്ലാഹു) എടുത്തു, പിടികൂടി =وَأَخَذَ

(ഘോര) ഗർജനം =ٱلصَّيْحَةُ അതിക്രമങ്ങൾ അനുവർത്തിച്ചവരായ =ٱلَّذِينَ ظَلَمُوا۟

അവരുടെ വീട്ടിൽ, (സ്വവസതികളിൽ) =فِى دِيَٰرِهِمْ അവർ ആയി (ഒടുങ്ങി) =فَأَصْبَحُوا۟

അവർ വസിച്ചിട്ടില്ലാത്തവണ്ണം =كَأَن لَّمْ يَغْنَوْا۟ മുഖം കുത്തി, മുട്ടിന്മേൽ വീണവരായി =جَٰثِمِينَ

അറിയുവിൻ സമൂദ് വർഗം =أَلَآ إِنَّ ثَمُودَا۟ അതിൽ (അവരാരും ആ നാട്ടിൽ) =فِيهَآ

كَفَرُواْ رَبَّهُمْۗ= അവരുടെ വിധാതാവിനെ നിഷേധിച്ചു

أَلَا بُعۡدًا لِّثَمُودَ= അറിയുവിൻ സമൂദിനു നാശം (സമൂദ് വർഗം ദൂരെ തൂത്തെറിയപ്പെട്ടു)

وَلَقَدۡ جَآءَتۡ= തീർച്ചയായും വന്നു(സന്ദർശിച്ചിരുന്നു)

رُسُلُنَآ= (മലക്കുകൾ) നമ്മുടെ ദൂതന്മാർ إِبۡرَٰهِيمَ= ഇബ്റാഹീമിനെ

بِٱلۡبُشۡرَىٰ= സുവിശേഷവുമായി قَالُواْ= (അദ്ദേഹത്തെ അഭിവാദ്യം ചെയ്തു) അവർ പറഞ്ഞു

سَلَٰمًا= സലാം(ശാന്തി ഭവിക്കട്ടെ എന്ന്) قَالَ= (പ്രത്യഭിവാദ്യം ചെയ്തു) അദ്ദേഹം പറഞ്ഞു

سَلَٰمٌۖ= സലാം (ശാന്തി നിങ്ങൾക്കും ഭവിക്കട്ടെ എന്ന്) فَمَا لَبِثَ= അപ്പോൾ താമസിച്ചില്ല, വൈകാതെ

أَن جَآءَ= കൊണ്ടുവ(ന്നു)ന്നതിന് بِعِجۡلٍ= ഒരു പശുക്കിടാവിനെ حَنِيذٍ= പാചകം ചെയ്ത

فَلَمَّا رَءَآ= അദ്ദേഹം കണ്ടപ്പോൾ أَيۡدِيَهُمۡ= അവരുടെ കരങ്ങൾ

لَا تَصِلُ= (നീളുന്നില്ല എന്ന്) എത്തുന്നില്ല إِلَيۡهِ= അതി(വിഭവത്തി)ലേക്ക്

نَكِرَهُمۡ= അദ്ദേഹം അവരെ സംശയിച്ചു, അസാധാരണത്വം, നീരസം തോന്നി

وَأَوۡجَسَ= തോന്നി, അനുഭവപ്പെട്ടു مِنۡهُمۡ= അവരെക്കുറിച്ച് خِيفَةًۚ= പേടി

قَالُواْ= അവർ പറഞ്ഞു(സമാധാനിപ്പിച്ചു) لَا تَخَفۡ= പേടിക്കേണ്ട

إِنَّآ أُرۡسِلۡنَآ= (നിയോഗിക്കപ്പെട്ടവരാകുന്നു) ഞങ്ങൾ അയക്കപ്പെട്ടു

إِلَىٰ قَوۡمِ لُوطٍ= ലൂത്വിന്റെ ജനത്തിലേക്ക് وَٱمۡرَأَتُهُۥ= (ഇബ്റാഹീമിന്റെ) പത്നി അദ്ദേഹത്തിന്റെ

قَآئِمَةٌ= (അടുത്തു നിൽപുണ്ടായിരുന്ന) നിൽക്കുന്നവൾ

فَضَحِكَتۡ= അപ്പോൾ (ഇതുകേട്ട്) അവൾ ചിരിച്ചു

فَبَشَّرۡنَٰهَا= അപ്പോൾ നാം അവൾക്ക് സുവിശേഷമരുളി بِإِسۡحَٰقَ= ഇസ്ഹാഖിന്റെ(യും)

وَمِن وَرَآءِ إِسۡحَٰقَ= (പിൻഗാമിയായി) ഇസ്ഹാഖിന്റെ പിന്നിൽ يَعۡقُوبَ= യഅ്ഖൂബിന്റെ(യും ജന്മം)

قَالَتۡ= (അത്ഭുതം കൂറി) അവൾ പറഞ്ഞു يَٰوَيۡلَتَىٰٓ= എന്റെ കഷ്ട(ം)മേ!

ءَأَلِدُ= ഞാൻ (ഇനി) പ്രസവിക്കുകയോ, എനിക്ക് കുട്ടിയുണ്ടാവുകയോ?

وَأَنَا۠= ഞാൻ (ആയിരിക്കെ) عَجُوزٌ= (പടു)കിഴവി وَهَٰذَا بَعۡلِي= ഇതാ എന്റെ പതി

شَيۡخًا= (പടു)വൃദ്ധൻ(നുമായിരിക്കുന്നു) إِنَّ هَٰذَا= തീർച്ചയായും ഇത് لَشَيۡءٌ= ഒരു സംഗതി തന്നെ

عَجِيبٌ= (മഹാ)അതിശ(യം)മായ قَالُوٓاْ= അവർ(ആഗതർ) ചോദിച്ചു

أَتَعۡجَبِينَ= അത്ഭുതപ്പെടുന്നുവോ مِنۡ أَمۡرِ ٱللَّهِۖ= അല്ലാഹുവിന്റെ കാര്യത്തിൽ, കൽപനയിൽ

رَحۡمَتُ ٱللَّهِ وَبَرَكَٰتُهُۥ= അല്ലാഹുവിന്റെ കരുണയും അനുഗ്രഹവും عَلَيۡكُمۡ= നിങ്ങളിൽ ഉണ്ട്

أَهۡلَ ٱلۡبَيۡتِۚ= (ഇബ്റാഹീമിന്റെ) വീട്ടുകാരേ إِنَّهُۥ= തീർച്ചയായും അവൻ

حَمِيدٌ= സ്തുതിയനാകുന്നു مَّجِيدٌ= മഹോന്നതനായ (തനുമാകുന്നു)

**66:** ആശയപരമായി നേരത്തെ ഹൂദ് നബിയുടെ ചരിത്രത്തിൽ വന്ന 57-ാം സൂക്തത്തിനു സമാനമാണിത്. സൂക്തത്തിന്റെ ആദ്യഖണ്ഡത്തിൽ പ്രവാചകന്മാരുടെ പേരിലൊഴിച്ച് പദങ്ങളിലും കാര്യമായ വ്യത്യാസമില്ല. എങ്കിലും 58-ാം സൂക്തത്തിന്റെ രണ്ടാം ഖണ്ഡമായി വന്ന وَنَجَّيۡنَٰهُم مِّنۡ عَذَابٍ غَلِيظٍ 'അതിനിഷ്ഠൂരമായ ശിക്ഷയിൽനിന്നാണ് നാം അവരെ മോചിപ്പിച്ചത്' എന്ന വാക്യത്തിന്റെ ആശയം ഈ സൂക്തത്തിൽ وَمِنۡ خِزۡيِ يَوۡمِئِذٍ എന്ന വാക്കിലൂടെ ഒന്നാം ഖണ്ഡത്തിൽ തന്നെ ചേർത്തിരിക്കുകയാണ്. 58-ാം സൂക്തത്തിലെ وَنَجَّيۡنَٰهُم مِّنۡ عَذَابٍ غَلِيظٍ ഉം ഈ സൂക്തത്തിലെ وَمِنۡ خِزۡيِ يَوۡمِئِذٍ ഉം സാരാം

ശത്തിൽ ഒന്നു തന്നെയാണ്. അവിടെ نَجَّيۡنَا എന്ന ക്രിയ വെളിവാക്കിപ്പറഞ്ഞപ്പോൾ ഇവിടെ ക്രിയ നിരുക്തമാക്കി അതിന്റെ സന്ദർഭം വെളിവാക്കിയിരിക്കുന്നു.

സൂക്തസാരമിതാണ്: സമൂഹം മുഴുവൻ ശിക്ഷക്കിരയായപ്പോൾ പ്രവാചകനും വിശ്വാസികളും അതിൽനിന്ന് രക്ഷപ്പെട്ടത് യാദൃശ്ചികമായിട്ടോ അവരുടെ സാമർഥ്യംകൊണ്ടോ അല്ല. അല്ലാഹു അവന്റെ സവിശേഷമായ അനുഗ്രഹത്താൽ അവരെ രക്ഷപ്പെടുത്തുകയായിരുന്നു. അത്യന്തം നീചവും രൂക്ഷവുമായ അത്യാഹിതത്തിൽ നിന്നുതന്നെയാണവർ രക്ഷപ്പെട്ടത്.

പ്രവാചകനെ നിഷേധിച്ചതിന്റെ ഫലമായി ഒരു ജനത ശിക്ഷിക്കപ്പെടുന്നുവെങ്കിൽ അത് ഉൽബോധനങ്ങളും ഉപദേശങ്ങളുമെല്ലാം വേണ്ടുവോളം നൽകുകയും അവർക്കെതിരായ ന്യായങ്ങളെല്ലാം പൂർണമായി സ്ഥാപിക്കപ്പെടുകയും ചെയ്തശേഷമായിരിക്കും. സത്യവും ധർമവും ആരിൽനിന്നും കേൾക്കാനോ ഗ്രഹിക്കാനോ തയാറില്ലാത്തവരും സന്മാർഗത്തിലേക്കുള്ള വീണ്ടെടുപ്പിൽ പ്രതീക്ഷയുടെ അവസാനത്തെ കിരണവും അസ്തമിച്ചവരുമായിരിക്കും ആ ജനത. സമൂദ് സമുദായത്തിന്റെ അവസ്ഥ അതായിരുന്നു. അതുകൊണ്ട് അവർ വെറും വിനാശത്തിനു മാത്രമല്ല; അങ്ങേയറ്റം നിന്ദ്യവും നികൃഷ്ടവുമായ വിനാശത്തിനാണിരയായത്.

സൂക്തത്തിന്റെ രണ്ടാം ഖണ്ഡമായ إِنَّ رَبَّكَ هُوَ ٱلۡقَوِيُّ ٱلۡعَزِيزُ എന്നവാക്യം പ്രവാചകന്നുള്ള ഒരു സാന്ത്വന സന്ദേശമാണ്. അതായത് ശക്തിയുടെയും പ്രതാപത്തിന്റെയും മൗലികമായ ഉടമസ്ഥൻ അല്ലാഹുവാകുന്നു. ആർക്കെങ്കിലും ഭൗതികമായ വല്ല ശക്തിയും പ്രതാപവും ലഭിക്കുന്നുവെങ്കിൽ അതവന്റെ ദാക്ഷിണ്യത്താൽ ലഭിക്കുന്നതാണ്. അതിനാൽ പ്രവാചകൻ സമാധാനമായിട്ടിരിക്കുക. സ്വാലിഹിന്റെ ശത്രുക്കളെ അല്ലാഹു എവ്വിധം നിന്ദ്യരും നികൃഷ്ടരുമാക്കി ചവിട്ടിത്താഴ്ത്തിയോ അതുപോലെ ഈ അന്ത്യ പ്രവാചകന്റെ ശത്രുക്കളെയും അവൻ ലജ്ജാവഹമായ പരാജയത്തിലകപ്പെടുത്തും. ആർക്കും അതിൽനിന്ന് അവന്റെ കൈ തട്ടിമാറ്റാനാവില്ല.

**67,68:** മൂലത്തിൽ ഉപയോഗിച്ച صيحة അലർച്ചയും ഗർജനവുമാണ്. സൂറ *അൽ അഅ്റാഫ്* 78-ാം സൂക്തത്തിൽ പറയുന്നത് അവരെ ഒരു കിടിലം ബാധിച്ചു فَأَخَذَتۡهُمُ ٱلرَّجۡفَةُ എന്നാണ്. നികൃഷ്ടമായ ദണ്ഡനത്തിന്റെ ഇടിനാദം അവരെ പിടികൂടി فَأَخَذَتۡهُمۡ صَٰعِقَةُ ٱلۡعَذَابِ ٱلۡهُونِ എന്നാണ് സൂറ *ഫുസ്സിലത്ത*ിൽ പറയുന്നത്. ഇവിടെ صيحة സ്ത്രീലിംഗ പദമാണെങ്കിലും അതിന്റെ വിവക്ഷ عذاب ശിക്ഷ എന്ന പുല്ലിംഗപദമായതുകൊണ്ടാണ് അതിന്റെ ക്രിയാപദത്തെ اخذت എന്ന സ്ത്രീലിംഗത്തിൽ ഉപയോഗിക്കാതെ اخذ എന്ന പുല്ലിംഗത്തിൽ ഉപയോഗിച്ചത്. പക്ഷി നിലംപതിച്ചു എന്നർഥമുള്ള جثم യുടെ കർതൃപദമായ جاثم ന്റെ ബഹുവചനമാണ് جَٰثِمِينَ. മനുഷ്യർ جثمയുടെ കർത്താവാകുമ്പോൾ അർഥം മരിച്ചു വീണു, മുഖം കുത്തിവീണു എന്നാണ്. സംഭവത്തെക്കുറിച്ച് പലഭാഗങ്ങളിൽ വന്ന പാഠഭേദങ്ങൾ കൂട്ടിവായിക്കുമ്പോൾ മനസിലാകുന്നതിതാണ്: പ്രവാചകൻ സ്വാലിഹ് പ്രവചിച്ച മൂന്നു ദിവസത്തെ അവധി കഴിഞ്ഞപ്പോൾ ദിക്കുകൾ പൊട്ടും മട്ടിലുള്ള ശബ്ദഘോഷത്തോടും വൈദ്യുതാഘാതത്തോടും കൂടിയ ഒരു പ്രകമ്പനം സമൂദ് ഗോത്രത്തെ ബാധിച്ചു. ഒരു നിമിഷം കൊണ്ട് ജനങ്ങളെല്ലാം അവരുടെ വീടുകളിൽ മരിച്ചു വീണു. ആ നിമിഷത്തിനു മുമ്പ് അവിടെ ആളുകൾ ജീവിച്ചിരുന്നു എന്നു തോന്നിക്കാത്തവണ്ണം നിശ്ചേതനമായി ആ നാട്ടിന്റെ അവസ്ഥ. كَأَن لَّمۡ يَغۡنَوۡاْ فِيهَآ എന്നാണ് മൂലവാക്ക്. غَنِيَയുടെ വർത്തമാന ബഹുവചന രൂപമാണ് يَغۡنَوۡاْ. ഒരു സ്ഥലത്ത് ജീവിച്ചു, അവിടെ താമസിച്ചു നിർമാണം നടത്തി, വികസിപ്പിച്ചു എന്ന അർഥത്തിലാണ് غَنِيَ بالمكان – او فى المكان എന്നു പറയുക. ഇന്നലെ വരെ അതൊരു തിരക്കുപിടിച്ച നഗരമായിരുന്നുവെന്ന് കാഴ്ചക്കാർക്കു വിശ്വസിക്കാനാകാത്തത്ര ശീഘ്രവും സമ്പൂർണവുമായിരുന്നു ആ വിനാശമെന്നാണാശയം. ........أَلَآ إِنَّ ثَمُودَاْ كَفَرُواْ رَبَّهُمۡ എന്ന വചനം നേരത്തെ 60-ാം സൂക്തത്തിൽ വന്ന ............أَلَآ إِنَّ عَادٗا كَفَرُواْ എന്ന വചനത്തിനു സമാനമാകുന്നു. വിശദീകരണം *ഖുർആൻബോധനം* 60-ാം സൂക്തത്തിനു താഴെ നോക്കുക.

**69–73:** ധർമധിക്കാരത്തിന്റെ പേരിൽ ഉന്മൂലനം ചെയ്യപ്പെട്ട മറ്റൊരു പ്രബല സമൂഹമാണ് സദോമികൾ. ഖുർആൻ ഇവരെ ലൂത്തിന്റെ ജനത قَوۡمُ لُوطٖ എന്നാണ് വ്യവഹരിക്കുന്നത്. ലൂത്ത് നബിയുടെ കഥ *സൂറ അൽഅൻആം* 86, *അൽ അഅ്റാഫ്* 80,81,82,83 എന്നീ സൂക്തങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ലൂത്ത് നബിയുടെയും സദോമികളുടെയും അവരുടെ ഉന്മൂലനത്തിന് കാരണമായ ധർമഭ്രംശത്തിന്റെയും ലൂത്ത് നബിയും ഇബ്റാഹീം നബിയും തമ്മിലുള്ള ബന്ധത്തിന്റെയും ചരിത്രം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ സംഗ്രഹിച്ചിരിക്കുന്നു. ലൂത്ത് ജനതയുടെ വിനാശ കഥ

യുടെ ആമുഖം എന്ന നിലയിലാണിവിടെ മലക്കുകൾ ഇബ്റാഹീം നബിയെ സന്ദർശിച്ച സംഭവം അനുസ്മരിക്കുന്നത്.

ലൂത്ത് ജനതയെ ശിക്ഷിക്കാൻ നിയുക്തരായ മലക്കുകൾക്ക് അതിനു മുമ്പേ നിർവഹിക്കേണ്ട മറ്റൊരു ദൗത്യമുണ്ടായിരുന്നു. ഇബ്റാഹീം നബിക്കും പത്നിക്കും പുത്ര-പൗത്ര ലബ്ധിയുടെ സുവിശേഷം നൽകുകയായിരുന്നു അത്. മലക്കുകൾ ഇബ്റാഹീം നബിയെ സന്ദർശിച്ചത് മനുഷ്യവേഷത്തിലായിരുന്നുവെന്ന് സൂക്തത്തിലെ വാക്കുകളിൽനിന്നും വ്യക്തമാകുന്നു. എന്നാൽ അവർ എത്ര പേരുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്നില്ല. മൂന്നുപേരുണ്ടായിരുന്നുവെന്നാണ് നിവേദനം. മനുഷ്യവേഷത്തിലാഗതരായ മലക്കുകളെ ഇബ്റാഹീം(അ) തിരിച്ചറിഞ്ഞില്ല. ഏതോ അപരിചിതരായ അതിഥികളാണെന്ന് അദ്ദേഹം കരുതി. ആഗതർ മനുഷ്യരെപ്പോലെ അഭിവാദ്യം ചെയ്തപ്പോൾ അദ്ദേഹം പ്രത്യഭിവാദ്യം ചെയ്തു. قَالُواْ سَلَـٰمًا قَالَ سَلَـٰمٌ എന്നാണ് മൂലവാക്യം. അക്കാലത്ത് കൽദായ ഭാഷയിൽ പ്രചാരത്തിലുണ്ടായിരുന്ന അഭിവാദനരീതിയാണിതെന്നു പറയപ്പെടുന്നു. നിരുക്തമായ ഒരു ക്രിയയുടെ കർമമായിട്ടാണ് 'സലാമൻ'(سَلَـٰمًا) എന്നു ഉച്ചരിക്കുന്നത് سلمنا سلاما ഞങ്ങൾ അഭിവാദ്യമർപ്പിക്കുന്നു, സമാധാനമാശംസിക്കുന്നു – എന്നാണ് സങ്കൽപ വാക്യം. പ്രത്യഭിവാദനത്തിൽ സലാമുൻ (سَلَـٰمٌ) എന്നു പറയുന്നത് ഒരു സാങ്കൽപിക ആഖ്യയുടെ ആഖ്യാതമായിട്ടോ സാങ്കൽപിക ആഖ്യാതത്തിന്റെ ആഖ്യയായിട്ടോ ആകുന്നു. ആദ്യത്തെ സങ്കൽപമനുസരിച്ച് യഥാർഥരൂപം هو سلام عليكم എന്നും രണ്ടാമത്തെ സങ്കൽപമനുസരിച്ച് وعليكم سلام എന്നുമാണ് പൂർണരൂപം. സൂറ *അദ്ദാരിയാത്ത്* (സൂ: 25) ഇബ്റാഹീം നബി പ്രത്യഭിവാദ്യം ചെയ്തു കൊണ്ട് 'അപരിചിതരാണല്ലോ – قَوْمٌ مُّنكَرُونَ എന്നുകൂടി പറയുന്നുണ്ട്.

ആഗതർ അതിഥികളാണെന്നു ധരിച്ച ഇബ്റാഹീം(അ) അവരെ സൽക്കരിക്കാൻ ബദ്ധപ്പെട്ടു. അദ്ദേഹം വേഗം ചെന്ന് ഒരു കാളക്കുട്ടനെ അറുത്തു പാകം ചെയ്തു വിളമ്പി. فَمَا لَبِثَ أَن جَآءَ بِعِجْلٍ حَنِيذٍ എന്നാണ് മൂലവാക്ക്. ചുട്ടുപഴുത്ത പാറയിൽവെച്ച് പാകം ചെയ്തതാണ് حَنِيذٍ. തീയിലിട്ട് പാകം ചെയ്തതിനേക്കാൾ രുചികരമായിരിക്കുമത്രെ ഇങ്ങനെ പാകം ചെയ്ത ഭക്ഷണം.

فَمَا لَبِثَ എന്നവാക്ക് അതിഥി സൽക്കാരത്തിലുള്ള അദ്ദേഹത്തിന്റെ ജാഗ്രതയെയും ബദ്ധപ്പാടിനെയും സൂചിപ്പിക്കുന്നു. 'സംശയിച്ച്' എന്ന് തർജമ ചെയ്തിട്ടുള്ള نكرയുടെ മൗലികമായ അർഥം അന്യമായി, അപരിചിതമായി എന്നാണ്. عرف –പരിചിതമായി–യുടെ വിപരീതമാണിത്. അസാധാരണമായത് അനംഗീകൃതമായത്, അധർമമായത്, അനിഷ്ടകരമായത് എന്നൊക്കെ പ്രയോഗത്തിൽ نكرക്ക് അർഥമുണ്ട്. അതിഥികൾ ഭോജ്യത്തിലേക്ക് കൈനീട്ടാതിരുന്നപ്പോൾ അത് അസാധാരണവും അനിഷ്ടകരവുമായി ഇബ്റാഹീം നബിക്ക് തോന്നി എന്നാണിവിടെ ഉദ്ദേശ്യം. അക്കാലത്തെ സമ്പ്രദായമനുസരിച്ച് അതിഥികൾ ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുന്നത്, തങ്ങൾ സൗഹാർദമുറപ്പിക്കാനെത്തിയ സുഹൃത്തുക്കളല്ല, അക്രമിക്കാനെത്തിയ ശത്രുക്കളാണ് എന്നതിന്റെ സൂചനയാണ്. അതുകൊണ്ടാണ് ഇബ്റാഹീം നബിക്ക് അവരെക്കുറിച്ച് ഭയം തോന്നിയത്. അതിഥികൾ ഭക്ഷണം കഴിക്കാതിരുന്നപ്പോൾ അവർ മനുഷ്യരല്ല, മലക്കുകളാണെന്ന് ഇബ്റാഹീം നബി മനസ്സിലാക്കിയെന്നും മലക്കുകൾ മനുഷ്യവേഷത്തിൽ വരിക മനുഷ്യരെ ശിക്ഷിക്കാനാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നുവെന്നും അതുകൊണ്ടാണദ്ദേഹം ഭയപ്പെട്ടതെന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. മലക്കുകൾ അദ്ദേഹത്തെ സമാധാനിപ്പിച്ചുകൊണ്ട് തങ്ങളുടെ ലക്ഷ്യം അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ സമുദായത്തെയോ ശിക്ഷിക്കുകയല്ല; ലൂത്ത് ജനതയെ ശിക്ഷിക്കുകയാണ് എന്നു വ്യക്തമാക്കി.

ഈ സന്ദർഭത്തിൽ ഇബ്റാഹീമിന്റെ(അ) പത്നി സാറയും അതിഥികൾക്ക് വിളമ്പിക്കൊടുത്തുകൊണ്ട് അടുത്തുണ്ടായിരുന്നു. ആഗതർ ശത്രുക്കളല്ല, മലക്കുകളാണ് എന്നും അവർ തങ്ങളെ ദ്രോഹിക്കാൻ വന്നവരല്ലെന്നും ബോധ്യമായപ്പോൾ അവർക്ക് വലിയ സന്തോഷമായി. മുജാഹിദ്, ഇക്രിമ എന്നീ ഖുർആൻ വ്യാഖ്യാതാക്കൾ ضَحِكَتْ –അവൾ ചിരിച്ചു– എന്ന മൂലവാക്യത്തിന് അവൾ തിരണ്ടു എന്ന് അർഥം കൽപിച്ചിട്ടുണ്ട്. നേരത്തെ അവർക്ക് ആർത്തവം നിലച്ചുപോയിട്ടുണ്ടായിരുന്നു. ഭാഷാപരമായ യാതൊരു സാധൂകരണവുമില്ലാത്തതാണ് ഈ അർഥ കൽപന. ഭൂരിപക്ഷം പണ്ഡിതന്മാർ അതംഗീകരിച്ചിട്ടുമില്ല. മലക്കുകൾ ഇബ്റാഹീം കുടുംബത്തിൽ തങ്ങൾക്കുള്ള ദൗത്യം പൂർത്തിയാക്കിയതപ്പോഴാണ്. മലക്കുകൾ നൽകിയ സുവിശേഷത്തെക്കുറിച്ച് فَبَشَّرْنَـٰهَا –അപ്പോൾ നാം അവൾക്ക് സുവിശേഷം നൽകി – എന്നാണ് പറയുന്നത്. ഈ സുവിശേഷം ഇബ്റാഹീം നബിയെ സന്ദർശിച്ച മലക്കുകൾ അദ്ദേഹത്തിൽ പ്രസാദിച്ച് സ്വന്തം നിലയിൽ നൽകുകയായിരുന്നില്ല; അല്ലാഹു അവരെ ചുമതലപ്പെടുത്തിയ, അല്ലാഹുവിന്റെ വരമായിരുന്നു അവർ നൽകിയതെന്ന് അതിൽനിന്ന് സ്പഷ്ടമാകുന്നു.

വരം ഇബ്റാഹീം നബിക്ക് പകരം അദ്ദേഹത്തിന്റെ പത്നിക്കു നൽകിയതും അർഥവത്താകുന്നു. ഇബ്റാഹീം നബിക്ക് നേരത്തെ ഹാജറയിൽ ഒരു പുത്രൻ –ഇസ്മാഈൽ– ജനിച്ചിട്ടുണ്ട്. പത്നി സാറയാണ് അത് വരെ സന്താനഭാഗ്യമില്ലാതെ ദുഃഖിക്കുന്നത്. സുവിശേഷം പുത്രലബ്ധിയിൽ പരിമിതമായിരുന്നില്ല. പൗത്ര ലബ്ധിയിലേക്കും അതു നീണ്ടു. പുത്രന്മാരുണ്ടായാൽ പൗത്രന്മാരുണ്ടാവുക അത്ഭുതമോ അസാധാരണമോ അല്ല. പക്ഷെ, ഈ പുത്രൻ സാധാരണക്കാരനല്ല. ചരിത്ര പുരുഷനും പ്രവാചകനുമാണ്. അതുപോലെ പൗത്രനും അവിസ്മരണീയനായ ചരിത്രപുരുഷനും പ്രവാചകനുമാകുന്നു. അതുകൊണ്ടാണ് പുത്രനോടൊപ്പം പൗത്രന്റെയും പേരെടുത്തു പറഞ്ഞ് സുവിശേഷമരുളുന്നത്.

يَـوَيْلَتَىٰٓ യുടെ ഭാഷാർഥം 'എന്റെ നാശമേ' എന്നാണ്. ദുഖപ്രകടനമായും അത്ഭുത പ്രകടനമായും ഈ വാക്ക് പ്രയോഗിക്കാറുണ്ട്. ഇവിടെ ഉദ്ദേശ്യം അത്ഭുത പ്രകടനമാണ്. ഈ സംഭവം നടക്കുമ്പോൾ ഇബ്റാഹീം നബിക്ക് നൂറു വയസ്സും സാറാബീവിക്ക് തൊണ്ണൂറു വയസ്സും പ്രായമുണ്ടായിരുന്നുവെന്ന് നിവേദനങ്ങൾ പറയുന്നു. നൂറു കഴിഞ്ഞ വൃദ്ധനും തൊണ്ണൂറുകഴിഞ്ഞ വൃദ്ധക്കും കുട്ടി ജനിക്കാൻ പോകുന്നുവെന്ന് കേട്ടാൽ ആരാണ് അത്ഭുതപ്പെടാതിരിക്കുക! വർധിച്ച വാർധക്യത്താൽ സ്ത്രീസഹജമായ ധർമങ്ങൾ അപ്രാപ്യമായ അവസ്ഥയിലുള്ള സ്ത്രീയാണ് عَجُوزٌ. അസാധ്യമായി എന്നർഥമുള്ള عجزയുടെ ആത്യന്തിക കർതൃരൂപമാണ് عَجُوزٌ. തീരെ അവശ, ഒന്നിനും കഴിയാത്ത എന്നർഥം. നേതാവ്, ഗുരു എന്നും വയോധികൻ എന്നും അർഥമുള്ള പദമാണ് شيخ. പടുവൃദ്ധൻ എന്നാണ് ഇവിടെ വിവക്ഷ. താനും ഭർത്താവും സന്താനോൽപാദനത്തിന് തികച്ചും അപ്രാപ്യരായിരിക്കെ തങ്ങൾക്ക് കുഞ്ഞുണ്ടാവുക അത്യത്ഭുതകരമായ സംഗതിയാകുന്നു എന്നാണ് സാറാ ബീവി പറയുന്നത്.

ഇബ്റാഹീം പത്നിയുടെ ചിരിയും അത്ഭുതപ്രകടനവും അതിന്റെ ശരിയായ അർഥത്തിൽ തന്നെ എടുത്തുകൊണ്ട് തികഞ്ഞ ആദരവോടെയായിരുന്നു മലക്കുകളുടെ മറുപടി. അല്ലാഹുവിന്റെ കാരുണ്യാനുഗ്രഹങ്ങളുടെ പരാമർശവും വീട്ടുകാരേ, എന്ന സംബോധനയും അത് വ്യക്തമാക്കുന്നു. ഈ വാഗ്ദാനം അല്ലാഹുവിന്റേതാണ്. അതു നൽകുന്നത് അവൻ അയച്ച മലക്കുകളിലൂടെയാണ്. അല്ലാഹുവിന്റെ ഒരു കാര്യത്തിലും അത്ഭുതത്തിനവകാശമില്ല. അവൻ ഇഛിക്കുന്നതെന്തോ അതു നടക്കുന്നു. മനുഷ്യനെ സൃഷ്ടിക്കുന്നതും ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതുമെല്ലാം മനുഷ്യനെ സംബന്ധിച്ചേടത്തോളം മഹാത്ഭുതങ്ങളല്ലേ? അല്ലാഹുവിന്നത് അവന്റെ സാധാരണ നടപടിക്രമം മാത്രം. നിങ്ങൾക്ക് സന്താനത്തെ പ്രദാനം ചെയ്യുന്നതും അപ്രകാരം തന്നെ. പതിനെട്ടും ഇരുപതും വയസ്സായ ദമ്പതികൾക്ക് സന്താനങ്ങളെ ജനിപ്പിക്കുന്നതുപോലെ തന്നെയാണ് അവന്ന് തൊണ്ണൂറും നൂറും വയസ്സായ ദമ്പതികൾക്ക് സന്താനങ്ങളെ ജനിപ്പിക്കുന്നതും. അവൻ ഒരു കാര്യം വിചാരിച്ചാൽ ഉണ്ടാവട്ടെ എന്നു കൽപിക്കുകയേ വേണ്ടു. അതുണ്ടായിക്കൊള്ളും. നിങ്ങൾക്ക് ഏതവസ്ഥയിലും സന്താനമുണ്ടാകാൻ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും മാത്രം മതി. ഇബ്റാഹീം നബിയുടെ വീട്ടുകാരേ, അതിപ്പോൾ നിങ്ങളിൽ ഉണ്ടായിരിക്കുന്നു. നിങ്ങൾക്ക് പ്രവാചകനായ പുത്രനുണ്ടാകും. ആ പുത്രന്റെ പിൻഗാമികളായി പ്രവാചകന്മാരുടെ നീണ്ട പരമ്പര തന്നെയുണ്ടാകും. തീർച്ചയായും അല്ലാഹു അവന്റെ സകലമാന വാക്കുകളിലും കർമങ്ങളിലും സ്തുതിയർഹിക്കുന്നവനാകുന്നു. പുറത്തുനിന്ന് ആരും സ്തുതിച്ചില്ലെങ്കിൽ പോലും തന്നിൽ സ്വയം സ്തുതീയനായിരിക്കുന്ന അവസ്ഥയാണ് حَمِيدٌ. തന്റെ സത്തയിലും ഗുണങ്ങളിലുമെല്ലാം അത്യുന്നതനും അതിവിശിഷ്ടനുമായവനാണ് مَّجِيدٌ. ■